പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1887 | 04.12.2018-ലെ മറുപടിക്ക്

## വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ്

ചോദ്യം

ശ്രീ. ഡി.കെ. മുരളി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ നിരവധി സർക്കാർ ഓഫീസുകളും മറ്റു സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന വാമനപുരം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. വാമനപുരം ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ പരിധിയിൽ കാരേറ്റ് എന്ന സ്ഥലത്ത് സൂപ്പർ എക്സ്പ്രസ് വരെയുള്ള ബസുകൾക്ക് സ്റ്റോപ്പ് നിലവിലുണ്ട്. ആയതിനാൽ, വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് ഇത്തരം സർവ്വീസുകളുടെ സമയക്രമത്തേയും ദീർഘദൂര യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് ആകർഷിക്കുന്നതിനേയും വിപരീതമായി ബാധിക്കും. ഈ സാഹചര്യത്തിൽ, ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ